# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2693** **17.10.2016-ൽ മറുപടിക്ക്**

**<u>എ.ടി.എം. തട്ടിപ്പുകൾ</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ശശി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എ.ടി.എം. കവർച്ചയും അതിനോടനുബന്ധിച്ചുള്ള സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര എ.ടി.എം. കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി; വിശദാംശം ലഭ്യമാക്കുമോ; | (ബി) 28 എ.ടി.എം. കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. 13 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. |
| (സി) എ.ടി.എം. തട്ടിപ്പുകൾ കൂടുമ്പോഴും എ.ടി.എം. പരിപാലനത്തിൽ വരുത്തുന്ന വീഴ്ചകൾ, വ്യാജ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളുണ്ടാക്കി പണം അപഹരിക്കുന്നതു കണ്ടെത്താൻ നടപടി സ്വീകരിക്കാത്തത് തുടങ്ങി ബാങ്കുകളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഇത്തരം വീഴ്ചകളുടെ ഭാഗമായി ഉപഭോക്താവിന് നഷ്ടപ്പെടുന്ന തുക ബാങ്കുകൾ തന്നെ ഉപഭോക്താവിന് യഥാസമയം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (ഡി) സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം അതാത് ബാങ്കുകൾക്കാണ്. |
| (ഇ) എ.ടി.എം. കളിൽ സുരക്ഷ ഉറപ്പ് വരുത്താതെ മോഷണം നടന്നാൽ ആ തുക പ്രസ്തുത ബാങ്ക് തന്നെ ഉപഭോക്താവിന് തിരികെ നൽകുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നല്കുമോ? | (ഇ) നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**